## 13-ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2773 — 19.06.2014 ൽ മറുപടിയ്ക്ക്

### കെട്ടിട നികുതി ഈടാക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.ഷംസുദ്ദീൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) റവന്യൂ വകുപ്പ് കെട്ടിടനികുതി ഈടാക്കുന്നതിന് കെട്ടിടത്തിന്റെ അളവ് വിസ്തീർണ്ണം കണക്കാക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ | എ) കേരള കെട്ടിടനികുതി നിയമം 1975 അനുശാസിക്കുന്ന പ്രകാരം തറവിസ്തീർണ്ണം മാനദണ്ഡമാക്കിയാണ് കെട്ടിടനികുതി ഈടാക്കുന്നത്. |
| ബി) തദ്ദേശസ്വയംഭരണവകുപ്പ് അനുമതി നൽകി നിർമ്മാണം പൂർത്തിയാക്കി നമ്പർ ലഭിച്ച വീടുകളുടെ കാര്യത്തിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ വിസ്തീർണ്ണം കണക്കാക്കുമ്പോൾ ഭീമമായ വ്യത്യാസം വരുന്നതായ ആവലാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | ബി) ഭീമമായ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) റവന്യൂ വകുപ്പിൽ കെട്ടിടവിസ്തീർണ്ണം കണക്കാക്കുന്നതിന് സാങ്കേതിക യോഗ്യതയുള്ളഉദ്യോഗസ്ഥരെനിയോഗിച്ചിട്ടുണ്ടോ | സി) റവന്യൂ വകുപ്പിൽ കെട്ടിടവിസ്തീർണ്ണം കണക്കാക്കുന്നത് വില്ലേജാഫീസർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരാണ്. അവർക്ക് ചെയിൻ സർവ്വേ യോഗ്യതയുണ്ട്. അതിനാൽ സാങ്കേതിക യോഗ്യതയുള്ള മറ്റ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല |
| ഡി) തറവിസ്തീർണ്ണം കണക്കാക്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണവകുപ്പും റവന്യൂ വകുപ്പും വ്യത്യസ്ത മാനദണ്ഡങ്ങളാണോ സ്വീകരിക്കുന്നത് എന്ന കാര്യം പരിശോധിച്ച് ഈ വിഷയത്തിലെ അവ്യക്തതയും അപാകതയും പരിഹരിക്കുമോ | ഡി) റവന്യൂ വകുപ്പിൽ കെട്ടിടനിർമ്മാണം പൂർത്തിയായതിനുശേഷമാണ് അളവുകൾ എടുത്ത് തറവിസ്തീർണ്ണം കണക്കാക്കുന്നത്. എന്നാൽ നിർദ്ദിഷ്ട പ്ലാൻ പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് ഉടമ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിടനിർമ്മാണ അനുമതി മുൻകൂറായി വാങ്ങേണ്ടതുണ്ട്. അംഗീകൃതപ്ലാനിൽ തറവിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കും. എന്നാൽ കെട്ടിടനികുതി നിർണ്ണയിക്കുന്നതിന് തറവിസ്തീർണ്ണം കണക്കാക്കുന്നത് നിർമ്മാണം പൂർത്തിയായതിനുശേഷമാണ്. അളവെടുക്കുന്ന സമയത്തുള്ള യഥാർത്ഥ തറവിസ്തീർണ്ണം കണക്കാക്കി [illegible] നിന്നും ഒഴിവാക്കാൻ പറ്റുന്ന ഏതെങ്കിലും ഭാഗം ഉണ്ടെങ്കിൽ അത് ഒഴിവാക്കിയതിനുശേഷമുള്ള തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിക്കുന്നത്. ഇതിൽ അവ്യക്തതയോ, അപാകതയോ നിലവിലില്ല. |

സെക്ഷൻ ഓഫീസർ